"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ കേരള നോളെജ് ഇക്കോണമി മിഷനുമായി ചേർന്ന് ലൈഫ് ഗുണഭോക്താക്കൾക്ക് തൊഴിൽ സജ്ജരാക്കികൊണ്ട് പ്രത്യേക നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും നൽകുന്നത് സംബന്ധിച്ച മാർഗ്ഗ രേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്

G.O.(Rt)No.557/2024/LSGD തീയതി,തിരുവനന്തപുരം, 07-03-2024

പരാമർശം:- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30/01/2024 ലെ എൽ.എം5/എസ്ഡി/2023 നമ്പർ കത്ത്

ഉത്തരവ്

ലൈഫ് മിഷൻ കേരള നോളെജ് ഇക്കോണമി മിഷനുമായി ചേർന്ന് ലൈഫ് ഗുണഭോക്തൃ കുടുംബത്തിലെ അർഹരായ അംഗങ്ങൾക്ക് സ്റ്റെപ് - അപ്പ് ക്യാമ്പയിന്റെ ഭാഗമായി DWMS (DIGITAL WORKFORCE MANAGEMENT SYSTEM) പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിച്ച് നോളജ് മിഷന്റെ വിവിധ സേവനങ്ങളിലൂടെ തൊഴിൽ സജ്ജരാക്കികൊണ്ട് പ്രത്യേക നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും നൽകുന്നതിനും, മറ്റ് വകുപ്പുകൾ / മിഷനുകളുമായി സംയോജിച്ച കൊണ്ട് ലൈഫ് ഗുണഭോക്താക്കൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള അനുമതി ക്കായും പരാമർശ പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മറ്റ് വകുപ്പുകൾ/ മിഷനുകളുമായി സംയോജിച്ച കൊണ്ട് ലൈഫ് ഗുണഭോക്താക്കൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് ലൈഫ് മിഷന് അനുമതി നൽകി കൊണ്ടും, ലൈഫ് ഗുണഭോക്താക്കൾക്ക് നോളെജ് ഇക്കോണമി മിഷനുമായി ചേർന്ന് തൊഴിൽ സജ്ജരാക്കികൊണ്ട് പ്രത്യേക നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും നൽകുന്നത് സംബന്ധിച്ച അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR G

ADDITIONAL SECRETARY

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba S C
Date: 07-03-2024 13:03:33

സെക്ഷൻ ഓഫീസർ

മാർഗ്ഗരേഖ

ലൈഫ് ഗുണഭോക്താക്കൾക്ക് വിജ്ഞാന തൊഴിൽ കേരള നോളെജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതി

ആമുഖം.

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ ഭവനരഹിതരായ കുടുംബങ്ങൾക്ക് സുരക്ഷിതവും മാന്യവുമായ ഭവനങ്ങൾ ഉറപ്പാക്കുന്നു. അതോടൊപ്പം അവരുടെ ജീവിത സാഹചര്യങ്ങളിൽ ഗണ്യമായ മാറ്റം വരുത്തുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഉപജീവന അവസരങ്ങൾ ഉറപ്പാക്കുന്നതിലൂടെ നിരവധി കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ സാധിക്കും.

ലൈഫ് ഗുണഭോക്താക്കൾക്ക് ഇപ്രകാരം ഉപജീവന അവസരങ്ങൾ ഉറപ്പാക്കുന്നതിന് ഓരോ കുടുംബത്തിന്റെയും സാഹചര്യങ്ങളും ആവശ്യങ്ങളും തിരിച്ചറിഞ്ഞുകൊണ്ട് പ്രത്യേക ഇടപെടലുകൾ നടത്തേണ്ടത് അനിവാര്യമാണ്. ഇതിനായി ഗുണഭോക്തൃ കുടുംബത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനാവശ്യമായ പരിശീലനങ്ങളും സേവനങ്ങളും കുടുംബങ്ങൾക്ക് നൽകേണ്ടതുണ്ട്.

വിവിധ വകുപ്പുകൾ /മിഷനുകൾ /സംഘടനകൾ തുടങ്ങിയവരുടെ സേവനങ്ങളും പദ്ധതികളും സംയോജിപ്പിച്ച് സുരക്ഷിത ഭവനത്തോടൊപ്പം ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും ലഭ്യമാക്കുന്നതിനാണ് ലൈഫ് മിഷൻ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) സംരംഭമായ കേരള നോളെജ് ഇക്കണോമി മിഷൻ (കെകെഇഎം) ജനസമൂഹത്തിനായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ലൈഫ് ഗുണഭോക്താക്കളുടെയും സാമ്പത്തിക സാമൂഹിക ശാക്തീകരണത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കമ്മ്യൂണിറ്റി കൺസൾട്ടേഷൻ, നൈപുണ്യപരിശീലനം. തൊഴിലവസരങ്ങളുടെ കണ്ടെത്തൽ തുടങ്ങിയവയാണ് ഇതിലൂടെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്.

ലൈഫ് ഗുണഭോക്തൃ കുടുംബങ്ങളിലെ 18 നും 59 നും ഇടയിലുള്ള ഉദ്യോഗാർത്ഥികൾക്ക് വിജ്ഞാന തൊഴിൽ ലഭ്യമാക്കുന്നതിനായി കേരള നോളെജ് ഇക്കോണമി മിഷൻ പ്രത്യേക

പദ്ധതി രൂപീകരിക്കുന്നു. ഇതിലൂടെ അവസര സമത്വവും, വിദഗ്ദ്ധ നൈപുണ്യ പരിശീലനവും പിന്തുണയും ലഭ്യമാക്കുകയും നവ തൊഴിൽ സാഹചര്യങ്ങളോട് പൊരുത്തപ്പെടാനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയും അതിലൂടെ ജനസമൂഹത്തിന് ആകമാനം ഗുണപരമായ മാറ്റം ഉണ്ടാക്കുകയും ചെയ്യുന്നതാണ്.

പദ്ധതിയുടെ പശ്ചാത്തലം

വീട് എന്ന സ്വപ്നം അകലെയായിരുന്ന ഭവനരഹിതർക്ക് അതു നൽകുക വഴി ലോകത്തിന് മുൻപിൽ ഒരു മാതൃക തീർക്കുകയായിരുന്നു. കേരളത്തിൽ ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങൾ ഒരുക്കി നൽകാൻ സർക്കാർ സംവിധാനങ്ങൾക്ക് സാധിച്ച സാഹചര്യത്തിൽ യോജിച്ച തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കേണ്ടതും അനിവാര്യമാണ്. അടിസ്ഥാന ജനവിഭാഗങ്ങളുടെ ഇടയിൽ വിദ്യാഭ്യാസവും സാങ്കേതിക ജ്ഞാനവും കൈവരിച്ചവരുടെ എണ്ണം വർധിച്ചു എങ്കിലും അവരുടെ തൊഴിൽ പങ്കാളിത്തം ആനുപാതികമായി വർദ്ധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കേരള നോളെജ് ഇക്കോണമി മിഷൻ ലൈഫ് മിഷൻ ഗുണഭോക്തൃ കുടുംബങ്ങളിലെ 18 നും 59 നും ഇടയിലുള്ള ഉദ്യോഗാർത്ഥികൾക്ക് വിജ്ഞാന തൊഴിൽ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന നൈപുണ്യ പരിശീലന തൊഴിൽദായക പദ്ധതി അതീവ പ്രാധാന്യമർഹിക്കുന്നു. നോളെജ് ഇക്കോണമി മിഷൻ മറ്റ് ഏജൻസികളുമായി ചേർന്നുകൊണ്ട് ലൈഫ് മിഷൻ ഗുണഭോക്തൃ കുടുംബങ്ങളിലെ 18 നും 59 നും ഇടയിലുള്ള ഉദ്യോഗാർത്ഥികളുടെ ഉന്നമനവും തൊഴിൽ സാധ്യതകളും വിശദമായി പരിശോധിക്കുകയും 2026-ന് മുമ്പ് വിവിധ ഘട്ടങ്ങളായി വൈജ്ഞാനിക തൊഴിലിൽ തൽപരരായ പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയോ അതിനു മുകളിലോ യോഗ്യതയുള്ളവരോ ആയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി (targeted population) അവർക്കായി റസിഡൻഷ്യൽ പരിശീലനത്തിലൂടെയോ ഓൺലൈൻ പരിശീലനത്തിലൂടെയോ തൊഴിൽ കണ്ടെത്താനാണ് ലക്ഷ്യമിടുന്നത്.

<u>ലക്ഷ്യം .</u>

ലൈഫ് ഗുണഭോക്തൃ കുടുംബങ്ങളിലെ 18 നും 59 നും ഇടയിൽ പ്രായമുള്ള തൊഴിലന്വേഷകരെ കണ്ടെത്തി കേരള നോളെജ് ഇക്കോണമി മിഷന്റെ DWMS (Digital Work Force Management System) പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിപ്പിക്കും. നോളെജ് മിഷന്റെ വിവിധ സേവനങ്ങളിലൂടെ തൊഴിൽ സജ്ജരാക്കികൊണ്ട് പ്രത്യേക നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും നൽകുന്നതാണ്. ജില്ലാതലത്തിൽ പ്രത്യേക തൊഴിൽ

മേളകൾ സംഘടിപ്പിച്ചുകൊണ്ട് വൈജ്ഞാനിക തൊഴിൽ മേഖലയിൽ എത്തിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഗുണഭോക്താക്കൾ

1. DWMS(Digital Work Force Management System)-ൽ രജിസ്റ്റർ ചെയ്ത ലൈഫ് ഗുണഭോക്തൃ കുടുംബങ്ങളിലെ 18 നും 59 നും ഇടയിൽ പ്രായമുള്ള പ്ലസ് ടുവോ അതിന് മുകളിലോ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ

2 DWMS(Digital Work Force Management System)-ൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ലൈഫ് ഗുണഭോക്തൃ കുടുംബങ്ങളിലെ 18 നും 59 നും ഇടയിൽ പ്രായമുള്ള പ്ലസ് ടുവോ അതിന് മുകളിലോ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ

തൊഴിൽ മേഖലകൾ

1.DWMS(Digital Work Force Management System പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്ത തൊഴിൽ ദാതാക്കൾ ലഭ്യമാക്കുന്ന തൊഴിലവസരങ്ങൾ

2.ഫ്രീലാൻസ് ജോലികൾ/ഗിഗ് ജോലികൾ

3. വർക്ക് ഫ്രം ഹോം / വർക്ക് നിയർ ഹോം ജോലികൾ

4.ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന വലുതും ചെറുതുമായ സ്വകാര്യസ്ഥാപനങ്ങളിലെ തൊഴിലവസരങ്ങൾ

പദ്ധതി നിർവഹണം

ലൈഫ് ഗുണഭോക്തൃ കുടുംബങ്ങളിലെ 18 നും 59 നും ഇടയിലുള്ള ഉദ്യോഗാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുക. ബ്ലോക്ക്തലത്തിൽ ഗുണഭോക്താക്കളെ മൊബലൈസ് ചെയ്ത് പദ്ധതി വിശദീകരിച്ച് നൽകുന്നതാണ്. ഇതിനായി ബ്ലോക്ക് തല പ്രതിനിധികളെ കണ്ടെത്തി അവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗും DWMS പ്ലാറ്ഫോമിനെ കുറിച്ചുള്ള പരിശീലനവും നൽകും. അവരായിരിക്കും പദ്ധതിയുടെ നടത്തിപ്പുകാർ. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും

ചുവടെപ്പറയുന്ന വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതാണ്.

1. **ബ്ലോക്ക്തല കമ്മിറ്റികൾ**

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്, സെക്രട്ടറി, ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ, ബ്ലോക്ക് പഞ്ചായത്തിലെ ജനപ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, വി.ഇ.ഒ മാർ, എന്നിവർ ഉൾപ്പെടുന്ന ബ്ലോക്ക് തല കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. ഇവരുടെ പ്രധാന ചുമതല പദ്ധതിയിലേക്ക് പരമാവധി രജിസ്ട്രേഷന് എത്തിക്കുക എന്നതും, തൊഴിലന്വേഷകരായ കമ്മ്യൂണിറ്റി അംഗങ്ങളെ നൈപുണ്യ വികസനവും മറ്റ് പദ്ധതി സേവനങ്ങളിലേക്കും എത്തിക്കുക എന്നതുമാണ്.

2. **ജില്ലാതല നിർവഹണ കമ്മിറ്റികൾ**

പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, കേരള നോളജ് ഇക്കോണമി മിഷൻ റീജിയണൽ പ്രോഗ്രാം മാനേജർ, ജില്ലാ കോ-ഓർഡിനേറ്റർ - നവകേരളം കർമ്മപദ്ധതി എന്നിവരടങ്ങുന്ന ജില്ലാ നിർവഹണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ് ബ്ലോക്ക്തല കമ്മിറ്റികളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ നിർവ്വണഹണ കമ്മിറ്റികൾ പ്രവർത്തിക്കുന്നതാണ്.

3. **കോർ ഗ്രൂപ്പ്:**

നോളെജ് ഇക്കോണമി മിഷനും ലൈഫ് മിഷനും ചേർന്ന് നടപ്പിലാക്കുന്ന പ്രത്യേക തൊഴിൽ പദ്ധതിയുടെ നടത്തിപ്പിനായി ലൈഫ് മിഷൻ സി.ഇ.ഒ, നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ, ലൈഫ് മിഷൻ ഡെപ്യൂട്ടി സി ഇ ഒ, ലൈഫ് മിഷൻ പ്രോഗ്രാം മാനേജർമാർ, നോളെജ് മിഷൻ പ്രോഗ്രാം മാനേജർ, 14 ജില്ലകളിലെ ജില്ലാ തല ഉദ്യോഗസ്ഥർ, എന്നിവരടങ്ങിയ കോർ ഗ്രൂപ് രൂപീകരിക്കേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ കോർ ഗ്രൂപ് മീറ്റിംഗുകൾ ചേരുകയും, പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും വേണം

പദ്ധതി പ്രവർത്തനങ്ങൾ

- ഉദ്യോഗാർത്ഥിയുടെയും, തൊഴിൽ ദാതാവിന്റെയും ആവശ്യകതയും, തൊഴിൽ സ്വഭാവവും മനസിലാക്കി DWMS (Digital Work Force Management System) പ്ലാറ്റ്ഫോമിലൂടെ ഉദ്യാഗാർത്ഥിക്ക് ആവശ്യമായ പരിശീലനവും പിന്തുണയും, അധിക പരിശീലന. -

നൈപുണ്യശേഷി വർദ്ധനവുകളും, കൗൺസിലിംഗ്, പിന്തുടർച്ചാ പരിപാടികളും അടങ്ങുന്നതും, വൈവിധ്യങ്ങളെ അംഗീകരിക്കുന്ന കമ്പനികളെ കണ്ടെത്തി അവർക്കും ബോധവൽക്കരണം നൽകിയും തുടർ നടപടികൾ സ്വീകരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണവും, മററ് വകുപ്പുകൾ/ ഏജൻസികൾ എന്നിവരുടെ സഹകരണവും ഉറപ്പുവരുത്തിയുമായിരിക്കും തുടർ നടപടികൾ സ്വീകരിക്കുക.

- തൊഴിൽ അന്വേഷകരായി നോളെജ് മിഷന്റെ DWMS (Digital Work Force Management System) രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ വിവിധ തൊഴിൽ സംരംഭങ്ങളിലേക്കും, വർക്ക് നിയർ ഹോം, വിവിധ ഗിഗ് തൊഴിലുകൾ എന്നിങ്ങനെയുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തികൊണ്ട് അഭിരുചികൾക്കും യോഗ്യതകൾക്കും അനുസരിച്ച് തൊഴിലിലേക്ക് എത്തിക്കുകയും ചെയ്യുന്നതാണ്. നൈപുണികൾ ആവശ്യമായ തൊഴിലുകൾക്ക് ആവശ്യമായ പരിശീലനവും ഇൻറേൺഷിപ്പും രൂപപ്പെടുത്തി നൽകുകയും ചെയ്യുന്നതാണ്.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരംഭിക്കുന്ന വർക്ക് നിയർ ഹോം (വർക്ക് സ്റ്റേഷൻ) വഴി പ്രാദേശികമായി തൊഴിൽ ലഭ്യത ഉറപ്പ് വരുത്തും.

- രജിസ്റ്റർ ചെയ്ത് പദ്ധതിയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്ന മതിയായ യോഗ്യതയുള്ള ഉദ്യോഗാഥികളുടെ തിരഞ്ഞെടുപ്പും ആദ്യഘട്ട ഇൻഡക്ഷൻ/ ഓറിയൻറേഷൻ പ്രക്രിയകളും നടത്തുന്നതാണ്.

- പൊതുപരിശീലനവും നൈപുണീ പരിശീലനവും വ്യക്തിത്വവികസന പരിശീലനവും അടങ്ങുന്ന പരിശീലനവും ഇൻറേൺഷിപ്പും ഉദ്യോഗാർത്ഥിക്ക് സമൂലമായ തൊഴിൽ അനുഭവപരിസരം നൽകുവാൻ പര്യാപ്തമായതായിരിക്കും.

- നിലവിൽ രജിസ്റ്റർ ചെയ്തവർക്കായി ജില്ലാ തലത്തിലോ / ബ്ലോക്ക് തലത്തിലോ പ്രത്യേക തൊഴിൽ മേളകൾ സംഘടിപ്പിക്കും.

- തൊഴിൽ ഉറപ്പാകുന്നതിനൊപ്പം കൃത്യമായ ഫോളോഅപ്പ് നടത്തി തുടർ സഹായവും പിന്തുണയും ഉറപ്പാക്കുന്നു.

ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് കേരള നോളെജ് ഇക്കോണമി മിഷൻ മുന്നോട്ട് വെയ്ക്കുന്ന വൈജ്ഞാനിക സാമൂഹ്യ നിർമ്മിതിയിലൂടെ ജീവിത ഗുനിലവാര-തൊഴിൽ

മുന്നേറ്റത്തിലൂടെ വലിയൊരു മാറ്റം സാധ്യമാണ്. അതിലൂടെ അവർ പ്രതിനിധീകരിക്കുന്ന ജനസമൂഹത്തിന് ആകമാനം ഗുണപരമായ മാറ്റം ഉണ്ടാകും. സർക്കാർതലത്തിൽ പ്രഥമമായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി രാജ്യത്തിന് തന്നെ മാതൃകയായി മാറുന്നതാണ്.